**ശ്രദ്ധക്ഷണിക്കൽ**

## കർഷകരുടെ ഭൂമിക്ക് നികുതി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കേണ്ടതിന്റെയും പട്ടയപ്രശ്നം പരിഹിക്കേണ്ടതിന്റെയും ആവശ്യത്തിലേയ്ക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. കർഷകരുടെ ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇപ്പോഴും പലവട്ടം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ഇതുവരേയും പരിഹാരം കണ്ടിട്ടില്ലെന്നത് ഖേദകരമാണ്. ഇതിൽ പ്രധാനപ്പെട്ടത് 19-06-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം നടപ്പിലാക്കിയിട്ടില്ല എന്നതാണ്. ഇതിലെ പ്രധാന തീരുമാനം 2000 ആണ്ടുവരെ കരം ഒടുക്കിയിരുന്നതും പിന്നീട് കരം ഒടുക്കേണ്ടുന്നതുമായ കൈവശക്കാർക്ക് ഭൂമിയുടെ കരം സ്വീകരിക്കുന്നതിന് അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകുമെന്നായിരുന്നു. ഇത്രയും കാലം കഴിഞ്ഞിട്ടും ഇത്തരത്തിലുള്ള ഒരു നിർദ്ദേശവും തഹസീർദാർക്കോ വില്ലേജ് ഓഫീസുകൾക്കോ ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുകൂടാതെ 31-03-2014-ലെ ലാൻഡ് റിസംപ്ഷൻ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിൽ HML ഭൂമിയുമായി

ബന്ധപ്പെടുത്തി വൈത്തിരി താലൂക്കിലെ കോട്ടപ്പടി, തൃക്കൈപ്പറ്റ, മൂപ്പൈനാട്, ചുണ്ടേൽ, അച്ചൂരാനം, വെള്ളാർമല, മുട്ടിൽ സൗത്ത് എന്നീ വില്ലേജുകളിലെയും വൈത്തിരി തഹസീൽദാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ കടലാട്, കാടശ്ശേരി, ആനക്കുപ്പ എന്നീ സ്ഥലങ്ങളിലെയും ആയിരക്കണക്കിന് കർഷകരിൽ നിന്നും നികുതി സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. ഇവരെല്ലാം 5 സെന്റ് മുതൽ 50 സെന്റ് വരെ ഭൂമിയുള്ള പാവപ്പെട്ട കർഷകരാണ്. ഹാരിസൺ മലയാളം ലിമിറ്റഡിൽ നിന്നും 50 വർഷങ്ങൾക്കുമുമ്പ് ഭൂമി വാങ്ങി എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. 12-06-2014-ൽ ഞാൻ ഈ വിഷയം സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. പക്ഷേ ആ തീരുമാനങ്ങൾ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത യോഗതീരുമാനപ്രകാരം ഉടമസ്ഥാവകാശ രേഖകൾ ഉള്ളവരുടെ കയ്യിൽ നിന്നും നികുതി സ്വീകരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിച്ചുകൊണ്ട് 21-07-2014-ൽ ജില്ലാകളക്ടർ വൈത്തിരി, ബത്തേരി, മാനന്തവാടി തഹസീൽദാർമാർക്ക് കത്തയച്ചു. നാളിതുവരെയും കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ലാൻഡ് റിസംപ്ഷൻ

ഓഫീസറുടെ 17-04-2015-ലെ ഒരു അർദ്ധ ഔദ്യോഗിക കത്ത് വയനാട് ഡെപ്യൂട്ടി കളക്ടർക്ക് ലഭിക്കുന്നത്. ഇതിൽ 31-03-2014 കത്ത് പ്രകാരമുള്ള നടപടി കോടതി ശരിവച്ചിട്ടുള്ളതാണെന്നും മുമ്പ് ഇംഗ്ലീഷ് കമ്പനികളുടെ പേരിലുണ്ടായിരുന്ന ഭൂമികൾ സംബന്ധിച്ച് ഏതെങ്കിലും നടപടികൾ സ്വീകരിക്കുമ്പോൾ ലാൻഡ് റിസംപ്ഷൻ ഓഫീസറുടെയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെയും അനുമതി വാങ്ങേണ്ടതുണ്ടെന്ന് ഉറപ്പുവരുത്തണം, ഇല്ല എന്നുണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമെന്ന് പറഞ്ഞതോടുകൂടി എല്ലാ നടപടിയും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. 40-50 വർഷങ്ങൾക്കുമുമ്പ് 5 സെന്റ്, 10 സെന്റ് വരെ ഭൂമി വിലകൊടുത്ത് വാങ്ങിയ പാവപ്പെട്ട ആയിരക്കണക്കിന് കർഷകരാണ് ദുരിതമനുഭവിക്കുന്നത്. ഭൂമിയുടെ നികുതി സ്വീകരിക്കുന്നത് നിർത്തിവച്ചതോടെ അവരുടെ ദൈനംദിന കാര്യങ്ങളടക്കം ബുദ്ധിമുട്ടിലാണ്. അവർക്ക് പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിന് ലോൺ എടുക്കാൻ സാധിക്കുന്നില്ല. വരുമാന സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുന്നില്ല. ഇത് വളരെക്കാലമായി അവരുടെ പ്രശ്നങ്ങളാണ്. ഇത് ഇനിയും പരിഹരിക്കാൻ സാധിച്ചിട്ടില്ല. പലതവണ ഈ സഭയിൽ ഉന്നയിച്ചുവെങ്കിലും പാവപ്പെട്ട കർഷരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത്ര വിമുഖത എന്തിനാണ്; അവരെ

സഹായിക്കേണ്ടേ; ഒരു ഭാഗത്ത് പറയുന്ന ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നുവെന്ന്, ഇവിടെ വർഷങ്ങളായി ഭൂമിയുള്ളവർക്കാണ് ഈ പ്രശ്നം. കർഷകരെ അവിടെ നിന്നും ഇറക്കിവിടാനാണോ ഗവൺമെന്റിന്റെ തീരുമാനം; ഇത് അടിയന്തരമായി പരിഹരിച്ച് ഈ മേഖലയിലെ പാവപ്പെട്ട കർഷകരിൽ നിന്നും നികുതി സ്വീകരിച്ചുകൊണ്ട് ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ചെറുകിട കർഷകർക്ക് വിറ്റ ഭൂമിയിലെ നികുതി സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയത്തിൽ നിരവധി ഹർജികൾ സർക്കാരിൽ ലഭിച്ചിരുന്നു. ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയമിച്ച സ്പെഷ്യൽ ഓഫീസർ ആന്റ് കളക്ടറുടെ നിർദ്ദേശപ്രകാരമാണ് ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈവശഭൂമി, ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി മറിച്ചുവിറ്റ ഭൂമി എന്നിവയിലെ കരം സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചത്. എന്നാൽ നികുതി അടയ്ക്കുന്നത് നിർത്തിവച്ചതിനാൽ ചെറുകിട കർഷകർ പ്രതിസന്ധിയിലായ സാഹചര്യത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും സർക്കാരുമായുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിലവിലുള്ള കേസ്സുകളെ

ബാധിക്കാത്ത തരത്തിൽ താൽക്കാലികമായി കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ വിവിധ യോഗങ്ങളിൽ ആലോചിച്ചിരുന്നു. നിർദ്ദിഷ്ടവിഷയം സംബന്ധിച്ച് 06-08-2014, 29-10-2014 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി വിറ്റ ഭൂമി വാങ്ങിയ ചെറുകിട കർഷകരുടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം M/s.ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി കൈമാറ്റം നടത്തിയതിലൂടെ ഭൂമി ലഭിച്ചവർ, മറ്റ് കയ്യേറ്റക്കാർ എന്നിവരിൽ നിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ ഭാഗമായി മലയാളം പ്ലാന്റേഷൻസ്, യു.കെ. ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി, നിലവിൽ കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും ഭൂമി കൈമാറ്റം നടത്തുന്നതും മരം മുറിക്കുന്നതും തടഞ്ഞുകൊണ്ട് ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് സ്പെഷ്യൽ ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. വയനാട് ജില്ലയിൽ മാത്രം മേൽപ്പടി ഇംഗ്ലീഷ് കമ്പനി മുപ്പതിനായിരത്തിലധികം ഏക്കർ ഭൂമി കൈവശം വച്ചിരുന്നതായി ഹാരിസൺ മലയാളം ലിമിറ്റഡ് ഹാജരാക്കിയ രേഖകളിൽ കാണുന്നു. എന്നാൽ നിലവിൽ മേൽപ്പടി ജില്ലയിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശം 7500 ഏക്കർ

മാത്രമാണ് വില്ലേജ് റിക്കാർഡുകളിൽ കാണുന്നത്. അന്വേഷണത്തിൽ ബാക്കി 22,500 ഏക്കർ ഭൂമി വൻകിടക്കാർ ഉൾപ്പെടെയുള്ള അന്യകൈവശത്തിലാണ്. അന്യകൈവശക്കാരിൽ അഞ്ചും പത്തും സെന്റ് മാത്രം കൈവശമുള്ള ചെറുകിടക്കാരും ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ രണ്ട് ഏക്കറിന് താഴെ ഭൂമി കൈവശം വയ്ക്കുന്നവർ നിലവിൽ ഭൂനികുതി ഒടുക്കുന്നവരാണെങ്കിൽ കേസ്സുകളെ ബാധിക്കാത്ത രീതിയിൽ താൽക്കാലികമായി ഭൂനികുതി തുടർന്നും സ്വീകരിക്കുന്നതിന് 29-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. കൂടാതെ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയമിച്ച സ്പെഷ്യൽ ഓഫീസർ രണ്ടേക്കർവരെ ഭൂമിയുള്ള കർഷകരെ കേസ്സുകൾ ബാധിക്കാത്ത രീതിയിൽ താൽക്കാലികമായി തുടർന്നും ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകാമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. 10-12-2014-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 33122/14 നമ്പർ കേസ്സിലെ ഇടക്കാല വിധിപ്രകാരം ചെറുകിട കർഷകരിൽ നിന്നും നികുതി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ നയപരമായ കാര്യമാണെന്നും ചെറുകിട കർഷകരുടെ കരം സ്വീകരിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണെന്നും സർക്കാരിന് നിയമോപദേശം ലഭിക്കുകയും കേസ്സിനെ

ബാധിക്കാത്ത തരത്തിൽ താൽക്കാലികമായി നികുതി സ്വീകരിക്കാവുന്നതാണെന്ന് സ്പെഷ്യൽ ഓഫീസർ ആന്റ് കളക്ടർ ലാന്റ് റിസംപ്ഷനും നിയമവകുപ്പും ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ രണ്ട് ഏക്കറിന് താഴെയുള്ള ഹാരിസൺ മലയാളം ലിമിറ്റഡ്-ൽ നിന്നും ഭൂമി വാങ്ങിയ കർഷകർക്ക് കേസ്സിനെ ബാധിക്കാത്ത തരത്തിൽ താൽക്കാലികമായി നികുതി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ തീരുമാനം എടുക്കുന്നത് അന്തിമഘട്ടത്തിലാണ്. കൂടാതെ വൈത്തിരി താലൂക്കിൽ റീസർവ്വേ രേഖകളിൽ നിക്ഷിപ്ത വനഭൂമി എന്ന് രേഖപ്പെടുത്തിയ കാരണത്താൽ മൂപ്പൈനാട്, കോട്ടപ്പടി തുടങ്ങിയ പ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല. വനം, റവന്യൂ, സർവ്വേ എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്താൻ സർക്കാർ ഉത്തരവായിരുന്നുവെങ്കിലും പരിശോധന ഇതുവരെയും പൂർണ്ണമായിട്ടില്ല. സംയുക്ത പരിശോധന ഇപ്പോഴും തുടർന്ന് വരുന്നുണ്ട്. ഇതിനായി 2 സ്പെഷ്യൽ ഓഫീസുകളും ഈ ജില്ലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി രേഖകളിൽ മാറ്റം വരുത്തി കൈവശ കർഷകരിൽ നിന്ന് ഭൂനികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നുണ്ടെന്ന്

വയനാട് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഹാരിസൺ മലയാളം പ്ലാന്റേഷനുമായുള്ള പ്രശ്നത്തിൽ എന്തിനാണ് സാധാരണ കർഷകരെ ബുദ്ധിമുട്ടിക്കുന്നത്; നമുക്ക് ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ബോദ്ധ്യപ്പെടുത്താവുന്നതല്ലേ; ഇതൊന്നുമറിയാതെ വർഷങ്ങൾക്ക് മുമ്പ് പത്തും പതിനഞ്ചും സെന്റ് ഭൂമി വാങ്ങിയ സാധാരണ കുടുംബങ്ങളെ ഈ ദുരിതത്തിൽ തള്ളിവിടുന്നതിന്റെ ആവശ്യമെന്താണ്; ഈ സാങ്കേതിക കാരണങ്ങൾ പറഞ്ഞാൽ അവർക്ക് മനസ്സിലാകുമോ; പല ആൾക്കാരും ആത്മഹത്യയുടെ വക്കിലാണ്. അതുകൊണ്ട് ഇത് അടിയന്തരമായി പരിഹരിക്കണം. കടച്ചിക്കുന്ന്-നീലിമല പ്രദേശങ്ങളിൽ ജോയിന്റ് സർവ്വേയും പൂർത്തിയായിക്കഴിഞ്ഞു. അവർക്ക് കൈവശഭൂമി നൽകാനുള്ള നടപടികൂടി സ്വീകരിക്കണം. ഇത് സമയബന്ധിതമായി എപ്പോൾ ചെയ്യാൻ സാധിക്കും; വർഷങ്ങളായി സാങ്കേതികമായ കാരണങ്ങൾ പറഞ്ഞ് പാവപ്പെട്ട കർഷകരെ ദുരിതത്തിലാഴ്ത്തുന്ന ഈ നടപടി നിർത്തിയേമതിയാകൂ.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച വിഷയത്തിന് മറുപടി ഞാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശംകൂടി സ്വീകരിച്ചുകൊണ്ട്

രണ്ടേക്കർ വരെ കൈവശം വച്ചിരിക്കുന്ന കർഷകരുടെ ഭൂമിയുടെ നികുതി സ്വീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ എന്തെങ്കിലും കാലതാമസമോ തടസ്സങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ വേഗത്തിൽ നടപടി സ്വീകരിക്കാൻവേണ്ട നിർദ്ദേശം നൽകുന്നതാണ്.

## ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയപ്രശ്നം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ ദേവികുളം മേഖലയിൽ മാത്രമല്ല ആ ജില്ലയിൽ മുഴുവൻ പട്ടയപ്രശ്നം വളരെ സങ്കീർണ്ണമാണെന്ന് അങ്ങേയ്ക്കറിയാം. ഇപ്പോൾ നൽകിയിട്ടുള്ള പട്ടയങ്ങളും രാജാവിന്റെ കാലത്ത് കിട്ടിയിട്ടുള്ള പട്ടയങ്ങളും പട്ടയ ഉടമകളിൽ നിന്നും ഭൂമിയും തിരിച്ചുപിടിക്കുകയും കരം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. അതുകൊണ്ട് പട്ടയ വിതരണം എത്ര നടത്തിയാലും ആ പട്ടയം വീണ്ടും തിരിച്ചുപിടിക്കുന്ന ഒരു പ്രവർത്തിയാണ് ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കാം. 13,870 പട്ടയമാണ് ഈ നാലേകാൽ കൊല്ലം കൊണ്ട് ഇടുക്കി ജില്ലയിൽ കൊടുത്തതായി കാണുന്നത്. അതിൽ ദേവികുളത്ത് മൂന്ന് പട്ടയങ്ങൾ മാത്രമാണ് നൽകിയിട്ടുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്ന കാലത്ത്

കയ്യേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മൂന്നാർ ട്രിബ്യൂണൽ കോടതി സ്ഥാപിച്ചിരുന്നു. ഇപ്പോൾ അതിന്റെ ലക്ഷ്യം മാറുകയും വ്യക്തികൾ തമ്മിലുള്ള അതിർത്തിത്തർക്കം തീർക്കുന്നതിനുള്ള ഒരു കോടതിയായി നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നങ്ങൾ വേണ്ടവിധത്തിൽ ഗവൺമെന്റിന് കാണാൻ കഴിയാത്ത സാഹചര്യമുണ്ട്. 1977-ലെ ദേവസ്യാ കമ്മിറ്റി മുതൽ ശ്രീമതി നിവേദിതാ പി. ഹരന്റെ റിപ്പോർട്ട് വരെയുള്ള എല്ലാ റിപ്പോർട്ടുകളിലും കേരളീയരായ തമിഴ് വംശജർ താമസിക്കുന്ന മേഖലകളിലെ പട്ടയവും ഭൂമിയും മരവിപ്പിക്കുകയും വില്ലേജാഫീസുകൾ അടച്ചുപൂട്ടി സർക്കാർ സീസ്ചെയ്യുന്ന നിലപാടുകളും സമീപനങ്ങളും സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന കാര്യത്തിൽ പ്രദേശവാസികൾക്ക് ആശങ്കയുണ്ട്. മാത്രമല്ല, ഇത്തരത്തിലുള്ള കുറെയേറെ റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ചില ആളുകൾ പത്രമാധ്യമങ്ങളിലും ശ്രീ. സുനിൽ സ്വന്തം ലേഖനംപോലെ കഴിഞ്ഞ ലക്കം മാധ്യമത്തിലും എഴുതിയിട്ടുണ്ട്. ഏതെങ്കിലും റിപ്പോർട്ട് അവരുടെ സ്വന്തം കഥയാക്കിക്കൊണ്ട്, അവരുടെ കണ്ടുപിടുത്തങ്ങളായി ഗവൺമെന്റിനെക്കൊണ്ട് നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഇത്തരത്തിലുള്ള സമീപനങ്ങളും നിലപാടുകളും ആ പ്രദേശവാസികൾക്ക് പട്ടയം കൊടുക്കുന്ന

അവസരങ്ങൾ നിഷേധിക്കപ്പെടുവാനേ ഉപകരിക്കുകയുള്ളൂ. വട്ടവട, കൊട്ടാകമ്പൂർ, കീഴാന്തൂർ, ചിന്നക്കനാൽ, കെ.ഡി.എച്ച്., ആനവിരട്ടി, പള്ളിവാസൽ തുടങ്ങിയ മേഖലകളിലുൾപ്പെടെയുള്ള പ്രദേശങ്ങളിലെല്ലാം പട്ടയങ്ങൾ നൽകുന്നില്ലെന്ന് മാത്രമല്ല, വില്ലേജാഫീസുകൾ നിശ്ചലമാണെന്നും അങ്ങേയ്ക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.ഡി.എച്ച്.-ൽ 2,400 പേർക്ക് സ്ഥലം അളന്ന് തിട്ടപ്പെടുത്തി കല്ലിട്ടവർക്ക് ഭൂമി നൽകുവാൻ ഈ ഗവൺമെന്റ് സമ്മതിച്ചില്ലെന്ന് മാത്രമല്ല, പുതിയ ഒരു കളക്ടർ വന്നപ്പോൾ പത്ത് ദിവസത്തിനുള്ളിൽ പട്ടയം കൊടുക്കണമെന്ന് നിർബന്ധം പിടിക്കുന്നു. പട്ടയം കൊടുക്കുന്നത് നല്ല കാര്യമാണ്. പക്ഷെ ഭൂമി അളന്ന് തിട്ടപ്പെടുത്തി പട്ടയം കിട്ടി കരമടയ്ക്കുന്നവർക്ക് ഭൂമി കിട്ടിയിട്ടില്ലെന്ന് മാത്രമല്ല, ഭൂമി കണ്ടെത്താതെ ഉടനെ പട്ടയം കൊടുക്കണമെന്ന സമീപനവും ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച കാര്യങ്ങളും പൊരുത്തപ്പെടുത്തി നോക്കണം. അതുകൊണ്ട് കെ.ഡി.എച്ച്. വില്ലേജ് രൂപീകരിച്ചതിനുശേഷം, 1974-ൽ ലാന്റ് ബോർഡ് അവാർഡും 1977-ലെ ദേവസ്യാ കമ്മിറ്റി റിപ്പോർട്ടും വന്നതിനുശേഷം ബ്രിട്ടീഷ് ഗവൺമെന്റിന്റെ അവശിഷ്ടമായി നിലനിൽക്കുന്ന മൂന്നാർ ൗണിലെ മൂവായിരത്തിലധികമാളുകൾക്ക് കോടതി പറഞ്ഞിട്ടും ഒരു സെന്റ് ഭൂമിപോലും നൽകിയിട്ടില്ല. മൂവായിരത്തിലധികം വരുന്നവർക്ക് ഒരു

സെന്റിനുപോലും പട്ടയം നൽകാതെ ബ്രിട്ടീഷുകാരുടെ കാലത്ത് കൊടുത്ത പട്ടയത്തിനെ ഇപ്പോഴും അനുകൂലിക്കുന്ന സാഹചര്യമുള്ള സന്ദർഭത്തിൽ കൊടുത്ത പട്ടയം തിരിച്ചുപിടിക്കുകയും ആരുടെയെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയങ്ങൾ റദ്ദുചെയ്യുകയും കരം സ്വീകരിക്കാതിരിക്കുകയും കൈവശരേഖ കൊടുക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രദേശവാസികൾക്ക്, കേരളീയരായ തമിഴ് മേഖലയിലുള്ള ആളുകൾക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാകുന്ന നിലയിലുള്ള സമീപനം സ്വീകരിക്കുന്നത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ ശ്രദ്ധക്ഷണിക്കലിൽക്കൂടി ഉന്നയിക്കുന്നത്. ഒരു നിലപാട് എടുക്കുമ്പോൾ ഗവൺമെന്റിന് ഒരു നിലപാടും സാധാരണക്കാരന് മറ്റൊരു നിലപാടും എടുക്കുന്ന സമീപന തിരുത്തപ്പെടേണ്ടതാണ്. എച്ച്.എൻ.എൽ-നുവേണ്ടി യൂക്കാലിപ്റ്റ്സ് മരങ്ങൾ വച്ചുപിടിപ്പിക്കുകയും,... അവിടെ യൂക്കാലിപ്റ്റ്സ് നട്ടുപിടിപ്പിച്ചത് ആ പ്രദേശവാസികളല്ല. അതുകൂടി പരിശോധിച്ചുകൊണ്ട് ഗവൺമെന്റ് നിലപാട് സ്വീകരിക്കണം. അതിനായി പ്രത്യേക യോഗമോ അല്ലെങ്കിൽ അവിടുത്തെ അസ്സെംബ്ലിമെന്റ് കമ്മിറ്റി എടുക്കുന്ന നിലപാടിനൊടൊപ്പം ഈ ഗവൺമെന്റും നിലപാട് സ്വീകരിക്കുകയോ ചെയ്യണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, ഇടുക്കി ജില്ലയിലെ

ദേവികുളം താലൂക്കിൽ അനധികൃത കയ്യേറ്റം ഒഴപ്പിക്കുന്ന സർക്കാർ നടപടികളുടെ ഭാഗമായി 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പതിവ് നടപടികൾ തൽക്കാലം നിറുത്തിവച്ചിട്ടുള്ളതാണ്. കൃഷിക്കും താമസത്തിനും ഭൂമി കൈവശം വച്ചുവരുന്ന സാധാരണക്കാർക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ദേവികുളം താലൂക്കിലെ പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി താലൂക്ക് ഭൂമി പതിവ് കമ്മിറ്റി യോഗം 28.01.2015-ൽ വിളിച്ചുചേർക്കുകയും ഭൂമി കൈവശംവച്ചുവരുന്ന ആളുകളുടെ പതിവിനുള്ള അർഹത കണക്കിലെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ നിയോഗിച്ച പ്രത്യേക ദൗത്യസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കയ്യേറ്റം ഒഴിപ്പിക്കൽ നടപടികളുടെ ഭാഗമായി നിറുത്തിവച്ച പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് ജില്ലാ റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. ഒഴികെയുള്ള വില്ലേജുകളിൽ ഭൂമി പതിവ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് കൈവശരേഖ നൽകിവരുന്നതാണ്. കെ.ഡി.എച്ച്. വില്ലേജിൽ കൈവശരേഖ നൽകുന്നതിന് സർക്കാർ സ്പഷ്ടീകരണം ആവശ്യമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

<u>ശ്രീ എസ്. രാജേന്ദ്രൻ</u>: സർ, ഇവിടെ കോടതി നിർദ്ദേശിച്ചിട്ടുള്ള, മൂന്നാർ ടൗണിലെ നിവാസികൾക്ക്, പട്ടയം നൽകാൻ സാധിക്കുമോ എന്നുള്ളതാണ് ഒരു പ്രശ്നം. മറ്റൊരു പ്രശ്നം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലഘട്ടത്തിൽ ഇവിടെ സ്ഥാപിച്ചിട്ടുള്ള ട്രിബ്യൂണൽകൊണ്ട് കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാനുള്ള സമീപനം... അതല്ലായെങ്കിൽ അവിടത്തെ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ തീരുമാനമെന്നുള്ള നിലയിൽ കളക്ടറുടെ സാന്നിദ്ധ്യത്തിലോ അങ്ങയുടെ സാന്നിദ്ധ്യത്തിലോ യോഗം ചേർന്ന് ഇതിനൊരു പരിഹാരമുണ്ടാക്കണം. ആ പ്രദേശവാസികളുടെ പെൺമക്കളുടെ വിവാഹം നടത്താനോ, പെൺകുട്ടികളെ വിവാഹം കഴിച്ച് കൊണ്ടുവരാനുള്ള സാഹചര്യം പോലുമില്ല. വിദ്യാഭ്യാസത്തിന് ലോൺ കിട്ടാറില്ല, വീട് വയ്ക്കാനുള്ള ലോൺ കിട്ടാറില്ല, ജപ്തി നടപടിയാണ്. ഇത്തരം സങ്കീർണ്ണമായ പ്രശ്നം, നാലുകൊല്ലക്കാലം കഴിഞ്ഞതിനുശേഷം ഇപ്പോൾ അസൈൻമെന്റ് കമ്മിറ്റി കൂടുന്നതുകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ നീങ്ങുകയില്ല. ആ പ്രദേശവാസികളെയും അവിടത്തെ അസൈൻമെന്റ് കമ്മിറ്റിയെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരം ഞാൻ

മനസ്സിലാക്കുന്നു. തീർച്ചയായും ആ പ്രദേശത്തെ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനം ആവശ്യമാണ്. പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് നേരത്തെ ഉണ്ടായിരുന്ന പല പ്രശ്നങ്ങളും അവിടെ ഉണ്ടെന്നുള്ളത് അങ്ങേയ്ക്കും ബോധ്യമുള്ള കാര്യങ്ങളാണ്. അർഹരായിട്ടുള്ള ആളുകളെ തെരഞ്ഞെടുത്ത് കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി അസൈൻമെന്റ് കമ്മിറ്റി കൂടി അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ..... എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ അതിൽ അംഗങ്ങളായിട്ടുള്ളവരാണ്. അതുവച്ച് നടപടികൾ സ്വീകരിക്കുവാനും കൂടാതെ അങ്ങ് പലതിലും ആശങ്ക അറിയിച്ചതുപോലെ അക്കാര്യങ്ങളെ കുറിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.